'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് - അഞ്ചാംപീടിക - അരിക്കുളം - കൊയിലാണ്ടി റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ ഇരുവശവുമുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2076/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം,**

25/09/2019

---

പരാമർശം:- 1 മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 11/04/2019 ലെ 97/2019 നമ്പർ യോഗതീരുമാനം.

2 മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30/04/2019 ലെ എ3-3313/19 നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 26/06/2019 ലെ PAN/7625/2019G1 (DP) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള അഞ്ചാംപീടിക - അരിക്കുളം - കൊയിലാണ്ടി റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ ഇരുവശവുമുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്താത്തതിനാൽ തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങൾ തുക അനുവദിക്കണമെന്ന് പൊതു മരാമത്ത് വിളിച്ച് ചേർത്ത യോഗത്തിൽ ആവശ്യപ്പെടുകയും മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 1 km ദൂരത്തിലുള്ള റോഡിന്റെ ഇരുവശവുമുള്ള ഇലക്ട്രിക് പോസ്റ്റുകളും ലൈനും മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 5,35,011/- രൂപ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതിക്കായി സൂചന 1 പ്രകാരമുള്ള ഭരണ സമിതി യോഗം തീരുമാനം സഹിതം മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂചന 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. സൂചന 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഞ്ചാംപീടിക - അരിക്കുളം - കൊയിലാണ്ടി റോഡിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 1 km ദൂരത്തിലുള്ള റോഡിന്റെ ഇരുവശവുമുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 5,35,011/-രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി പതിനൊന്ന് രൂപ) അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

സെക്രട്ടറി / പ്രസിഡന്റ്, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്, മേപ്പയ്യൂർ പി.ഒ, കോഴിക്കോട് - 673524.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

File No.LSGD-FM2/97/2019-LSGD

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ